## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5474</u>    <u>06.07.2012-ലെ മറുപടിക്ക്</u>

## <u>മെഡിക്കൽ പി. ജി. കോഴ്സിന്റെ പ്രവേശന പരീക്ഷ സംബന്ധിച്ച പരാതികൾ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. ഡി. ദേവസ്സി : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) മെഡിക്കൽ പി. ജി. കോഴ്സിന്റെ പ്രവേശന പരീക്ഷ സംബന്ധിച്ച് വ്യാപകമായ പരാതികൾ ഉയർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) പി.ജി. മെഡിക്കൽ എൻട്രൻസ് പരീക്ഷ സംബന്ധിച്ച ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ? | (ബി) പി.ജി. മെഡിക്കൽ എൻട്രൻസിന് സർവ്വീസ് ക്വാട്ടാ അപേക്ഷകർക്ക് നെഗറ്റീവ് മാർക്കിംഗ് ഒഴിവാക്കിയ നടപടി ബഹു: ഹൈക്കോടതിയുടേയും സുപ്രീംകോടതിയുടേയും വിധികളുടെ അടിസ്ഥാനത്തിൽ പുന:പരിശോധിക്കുകയും നെഗറ്റീവ് മാർക്ക് ഇല്ലാതെ തയ്യാറാക്കിയ റാങ്ക് പട്ടിക റദ്ദാക്കി നെഗറ്റീവ് മാർക്ക് ഉൾപ്പെടുത്തിയ പുതിയ റാങ്ക് ലിസ്റ്റ് പ്രകാരം അലോട്ട്മെന്റ് നടത്തുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധമായി ചില കേസ്സുകൾ ഹൈക്കോടതിയിൽ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ